റോഡപകടങ്ങളുടെ കാരണവും ശാസ്ത്രീയ പരിഹാരവും

45 [2697] ശ്രീ. എൻ. ശക്തൻ:
,, എ. പി. അനിൽകുമാർ:
ശ്രീമതി മേഴ്സി രവി:
ശ്രീ. എ. സുജനപാൽ:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ ഉണ്ടാകുന്നതിനുള്ള കാരണങ്ങളെന്തെന്ന് അപഗ്രഥിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണമെന്താണെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) ഈ കാരണങ്ങൾക്ക് ശാസ്ത്രീയ പരിഹാരം ഏതെല്ലാം വിധത്തിൽ കണ്ടെത്താമെന്ന് കരുതുന്നു?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഹനങ്ങളുടെ അമിത വേഗത ഡ്രൈവർമാരുടെ ആശ്രദ്ധ, മദ്യപിച്ച് വാഹനങ്ങൾ ഓടിക്കൽ, വാഹനങ്ങളുടെ ബാഹുല്യം, വാഹനങ്ങളുടെ തകരാറുകൾ, കാൽനടക്കാരുടെ അശ്രദ്ധ മുതലായവയാണ് വാഹനാപകടങ്ങൾ ഉണ്ടാകുന്നതിനുള്ള പ്രധാന കാരണങ്ങൾ.

(സി) വാഹനങ്ങളുടെ പരമാവധി വേഗത നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ ബസ്സുകളിലും വലിയ ട്രാൻസ്പോർട്ട് വാഹനങ്ങളിലും സ്പീഡ് നിയന്ത്രണ സംവിധാനം ഏർപ്പെടുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. അമിത വേഗത കണ്ടുപിടിക്കുന്നതിനായി ഹാന്റ് ഹെൽഡ് റഡാറുകളുടെ സഹായത്തോടെ വേഗതാ പരിശോധന നടത്തുന്നുണ്ട്. ഡ്രൈവർമാർ അശ്രദ്ധമായും അമിത വേഗതയിലും വാഹനം ഓടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത ഡ്രൈവർക്കും വാഹന ഉടമയ്ക്കുമെതിരെ പിഴചുമത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മദ്യപിച്ച് വണ്ടി ഓടിക്കുന്നവരെ ബ്രീത്ത് അനലൈസർ ഉപയോഗിച്ച് കണ്ടുപിടിച്ച് നടപടികൾ എടുക്കുന്നുണ്ട്. അപകടമുന്നറിയിപ്പു ബോർഡുകൾ സ്ഥാപിച്ച് അപകടത്തെക്കുറിച്ച് മുന്നറിയിപ്പു നൽകുന്നുണ്ട്. പൊതുജനങ്ങൾക്ക് ആവശ്യമുള്ള ബോധവൽക്കരണം നൽകാനും നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly